(സി) സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സംസ്ഥാനത്തെ എം. പി.-മാരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ എം. പി.-മാരുടെ യോഗം കൂടിയതെന്നാണ്; പ്രസ്തുത യോഗത്തിൽ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ഏതെല്ലാം കാര്യങ്ങളാണ് ചർച്ച ചെയ്തതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. ഏറ്റവും ഒടുവിൽ 25-1-2006-ൽ എം.പി.-മാരുടെ യോഗം വിളിച്ചു ചേർത്തു. പ്രസ്തുത യോഗത്തിൽ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പദ്ധതികളെ കുറിച്ച് ചർച്ച ചെയ്തു.†

വിദേശ യാത്ര നടത്തിയിട്ടുള്ള സെക്രട്ടറിമാർ

2. [2] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തെ ഏതെല്ലാം വകുപ്പ് സെക്രട്ടറിമാരാണ് വിദേശയാത്ര നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോരുത്തരും ഇതിനകം ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) വിദേശയാത്രയ്ക്കായി ഓരോരുത്തർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) വകുപ്പ് സെക്രട്ടറിമാരുടെ വിദേശയാത്രകൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അന്താരാഷ്ട്ര ടിക്കറ്റാദം

3. [3] ശ്രീ. തോമസ് ചാഴിക്കാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികൾക്കായി ഹോം സ്റ്റേ കേന്ദ്രങ്ങൾ പെരുകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേന്ദ്രത്തിൽ താമസിക്കുന്ന വിദേശികളെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ സർക്കാരിന് ലഭിക്കുന്നുണ്ടോ;

(സി) അന്താരാഷ്ട്ര ഭീകരവാദം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ വിദേശ ടൂറിസ്റ്റുകളെപ്പറ്റിയുള്ള വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെയുള്ള ഹോംസ്റ്റേ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി), (സി) വിദേശികൾ വന്നിറങ്ങുന്ന പോയിന്റുകളിൽ (കര, വായു, കടൽ) അവരെ ചെക്ക് ചെയ്ത് പൂർണ്ണ വിവരങ്ങൾ ശേഖരിക്കുകയും അവർ താമസിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണ വിവരങ്ങളടങ്ങിയ Form (C) ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്.

അഴിമതി കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

4. [4] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, ടി. പി. രാമകൃഷ്ണൻ:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ രംഗത്ത് വളർന്നുവരുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും അഴിമതി കാട്ടിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ നടന്ന അഴിമതികളെക്കുറിച്ച് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ എത്ര ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിൽ എത്ര കേസുകളിൽ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പുതല വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അവിഹിതമായി സ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള നിയമം പര്യാപ്തമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) 1944-ലെ ക്രിമിനൽ നിയമ ഭേദഗതി അനുസരിച്ച് അറിഹിതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly